# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3833 — 17/10/2011-ൽ മറുപടിക്ക്

### പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി കെ.എസ്. സലീഖ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി മാത്രം എത്ര സർക്കാർ ജീവനക്കാരെ ഓരോ ജില്ലയിലും നിയമിച്ചിട്ടുണ്ട് ; | എ | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകുപ്പ് ഡയറക്ടർ മുതൽ ഏറ്റവും താഴെ തട്ടിലുള്ള ജീവനക്കാർ വരെ ജോലി ചെയ്തു വരുന്നു. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി | പട്ടികവർഗ്ഗ ജീവനക്കാരുടെ ഇടയിൽ പ്രവർത്തിച്ചു വരുന്നവരുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | ബി | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനമാണ് ഏറ്റവും പ്രധാനപ്പെട്ട ചുമതല. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ രംഗത്തും വികസനവും ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തി ടി ജനസമൂഹത്തെ മുഖ്യധാരയിലെത്തിക്കുക, പട്ടികവർഗ്ഗക്കാരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ആയതിലേക്കായി ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലേക്ക് ഉചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക, സർവ്വോപരി പട്ടികവർഗ്ഗ സമൂഹത്തിന്റെ സംരക്ഷകരായി പ്രവർത്തിക്കുക എന്നിവയാണ് പ്രസ്തുത ഉദ്യോഗസ്ഥരുടെ മറ്റു പ്രധാന ചുമതലകളായി വിവക്ഷിക്കുന്നത്. |
| സി | ഇവരുടെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എത്രത്തോളം പ്രയോജനപ്പെട്ടു എന്ന് വിശദീകരിക്കുമോ ? | സി | പട്ടികവർഗ്ഗ വികസനത്തിനായി സർക്കാർ നിയമിച്ചിട്ടുള്ള ജീവനക്കാരുടേയും തദ്ദേശ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പ്രവർത്തനഫലമായി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താമസം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. മാത്രവുമല്ല, പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നുള്ള ലക്ഷ്യം ഏറെക്കുറെ ഫലപ്രാപ്തിയിലെത്തികഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 219 |
| കൊല്ലം | 65 |
| ആലപ്പുഴ | 6 |
| എറണാകുളം | 31 |
| കോട്ടയം | 70 |
| പത്തനംതിട്ട | 62 |
| ഇടുക്കി | 211 |
| തൃശ്ശൂർ | 63 |
| മലപ്പുറം | 122 |
| പാലക്കാട് | 216 |
| കോഴിക്കോട് | 44 |
| വയനാട് | 412 |
| കണ്ണൂർ | 85 |
| കാസർഗോഡ് | 82 |